2. കോട്ടയം ബൈപ്പാസ് ഒന്നും രണ്ടും റീച്ചുകളിലെ ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗതിയിലാണ്. 3-ാം റീച്ചിലെ നടപടി ക്രമങ്ങൾ ഉടനെ ആരംഭിക്കും.

3. ചങ്ങനാശ്ശേരി ബൈപ്പാസ് മൂന്നും നാലും റീച്ചിന്റെ സ്ഥലമെടുപ്പു നടപടികൾ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവു കാരണം നിർത്തിവച്ചിരിക്കുന്നു.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ചും കോടതി വിലക്കുകൾ മാറ്റിക്കിട്ടുന്ന മുറയ്ക്കും പരമാവധി വേഗതയിൽ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(എഫ്) ചങ്ങനാശ്ശേരി, കോട്ടയം ബൈപ്പാസിന്റെ ആദ്യ പ്ലാൻ തന്നെയാണ് ഇപ്പോഴും നിലവിലുള്ളത്.

(ജി) മാറ്റം ഇല്ല.

റോഡുകളുടെ അറ്റകുറ്റപണി

144 (755) ശ്രീ.ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴൂർ-കോഴിമട റോഡ് പൊട്ടിപ്പൊളിഞ്ഞുകിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിന്റെ ടാറിംഗ് ഏരിയയുടെ വീതികൂട്ടി വാഹന ഗതാഗതം സുഗമമാക്കുമെന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ ഉറപ്പ് പാലിക്കാതിരുന്നതിനുള്ള കാരണം വെളിപ്പെടുത്താമോ ;

(ഡി) പെരുങ്ങുഴി കടവ് റോഡ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തതെന്നാണ് ;

(ഇ) പി.ഡബ്ല്യു.ഡി റോഡിൽ നിർമ്മാണ പ്രവർത്തനം നടത്തിയിട്ട് എത്ര കൊല്ലമായി ;

(എഫ്) പെരുങ്ങുഴി കടവ് റോഡിന്റെ അറ്റകുറ്റപ്പണിക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ അറ്റകുറ്റപ്പണി ആരംഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ടാർ ലഭിക്കുവാനുള്ള കാലതാമസം മൂലം പണി ഏറ്റെടുക്കുന്നതിന് കരാറുകാരൻ വൈമുഖ്യം കാണിക്കുന്നതിനാലാണ്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഞ്ചുകൊല്ലത്തിലേറെയായി.

(എഫ് &ജി) ഉണ്ട്. ഭരണാനുമതിക്കു വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

വക്കംപണയിൽ കടവ് പാലം

145 (756) ശ്രീ.ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം പണയിൽ കടവ് പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) വക്കം പണയിൽ കടവ് പാലത്തിന്റെ നിർമ്മാണം ഉടനെ പൂർത്തികരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 60% പണി പൂർത്തിയായി.

(ബി) 6 മാസത്തിനുള്ളിൽ പണി പൂർത്തീയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ

623, 624 ,626, 628, 634, 635, 638, 639, 642, 655, 656, 657, 658, 659, 660, 662, 663, 664, 665, 666, 669, 670, 671, 672, 673, 674, 675, 676, 677, 678, 679, 680, 681,682, 684,685, 686,687, 688, 689, 690, 691, 692, 693, 696, 698, 705, 708, 719, 720, 752, 753, 757, 758, എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M] മി.സ്പീക്കർ : ഓർഡർ,..... ഓർഡർ, ... അടിയന്തിരപ്രമേയ അവതരണത്തിന് വേണ്ടിയുള്ള ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. പക്ഷേ അത് അടിയന്തിര പ്രമേയമായി പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു. ബഡ്ജറ്റിന്റെ ചർച്ച നടക്കുന്ന ദിവസമായതുകൊണ്ട് ഇവിടെ ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഇന്ന് യാതൊരു തടസവും ഉണ്ടാകുന്നതല്ല. ഓർഡർ.....ഓർഡർ.....ശ്രദ്ധക്ഷണിക്കൽ,.....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇത് നിസ്സാരകാര്യമല്ല.

മി. സ്പീക്കർ : നോട്ടീസ് തന്നപ്പോഴേ പറഞ്ഞ കാര്യമാണ്.

ശ്രീ. എ. കെ. ആന്റണി : ഇത് ഗുരുതരമായ പ്രശ്നമാണ്. ഈ പ്രശ്നം അടിയന്തിര പ്രമേയമായി ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly